**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 386** **27-01-2026 - ൽ മറുപടിയ്ക്ക്**

**കെ സ്മാർട്ട് വഴിയുള്ള അപേക്ഷ സമർപ്പണത്തിലെ ബുദ്ധിമുട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് ബിൽഡിംഗ് റൂൾ പരിഷ്കരണത്തിനു ശേഷം സർക്കാർ വകുപ്പുകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിന് നിലവിൽ കെ സ്മാർട്ടിലൂടെ അപേക്ഷ സമർപ്പിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ? | (എ) | 2025-ലെ കേരള പഞ്ചായത്ത്/ മുനിസിപ്പൽ ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം സർക്കാർ വകുപ്പുകളുടെ നിർമ്മാണത്തിന് "സർക്കാർ കെട്ടിടങ്ങൾക്കുള്ള സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് (Self Certified Building Permit for Government Buildings)" ആണ് നേടേണ്ടത്. സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കെ സ്മാർട്ടിൽ പെർമിറ്റ് നേടുന്നതിന് യാതൊരു തടസ്സവും നിലവിൽ ഇല്ലാത്തതാണ്. ഭേദഗതി ചട്ടങ്ങൾ പ്രകാരം നിലവിൽ വന്ന Appendix A6, Appendix O1 ഫോറങ്ങൾ പൂരിപ്പിച്ച് ചുമതലപ്പെട്ട ഉദ്യോഗസ്ഥനും ചുമതല വഹിക്കുന്ന എൻജിനീയറും സാക്ഷ്യപ്പെടുത്തി ഓഫീസ് കൗണ്ടറിൽ നേരിട്ട് നൽകാവുന്നതാണ്. ആയത് കെ സ്മാർട്ടിൽ സ്വീകരിച്ച് Appendix A1C യിലുള്ള കൈപ്പറ്റ് സാക്ഷ്യപത്രം കെ സ്മാർട്ടിലൂടെ തന്നെ നൽകാൻ കഴിയുന്നതുമാണ്. സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണ അനുമതിക്ക് മേൽ നടപടികൾ മാത്രമാണുള്ളത്. ആയത് KSmart-ലെ automated mode-ലൂടെ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ